പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.371 1/12/2015-ൽ മറുപടിക്ക്

## പാപ്പനംകോട് പുതിയ ഇലക്ട്രിക്കൽ സെക്ഷന് നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.വി.ശിവൻകുട്ടി | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജ വകുപ്പ് മന്ത്രി) |
| (എ) നേമം നിയോജക മണ്ഡലത്തിലെ പൂജപ്പുരയിലുള്ള ഇലക്ട്രിക്കൽ സെക്ഷൻ വിഭജിച്ച് പാപ്പനംകോട്ട് ഒരു പുതിയ ഇലക്ട്രിക്കൽ സെക്ഷൻ സ്ഥാപിക്കുന്നതു സംബന്ധിച്ചുള്ള നടപടികളുടെ പുരോഗതി വിശദമാക്കുമോ? | (എ) നേമം നിയോജക മണ്ഡലത്തിലെ പൂജപ്പുരയിലുള്ള ഇലക്ട്രിക്കൽ സെക്ഷൻ വിഭജിച്ച് പാപ്പനംകോട് പുതിയ ഇലക്ട്രിക്കൽ സെക്ഷൻ സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശം വൈദ്യുതി ബോർഡ് പരിശോധിച്ചിരുന്നു. നിലവിലുള്ള സെക്ഷൻ ഓഫീസിന്റെ പരിധി 50 ചതുരശ്ര കിലോമീറ്ററിൽ കൂടുകയും അതേസമയം ഉപഭോക്താക്കൾ 25000 ൽ അധികമാവുകയോ, അല്ലെങ്കിൽ പരിധി 100 ചതുരശ്ര കിലോമീറ്ററിൽ കൂടുകയും അതേ സമയം ഉപഭോക്താക്കൾ 20000ൽ അധികം ആവുകയും ചെയ്യുന്ന സാഹചര്യത്തിൽ ആണ് സാധാരണ ഗതിയിൽ ബോർഡ് പുതിയ ഇലക്ട്രിക്കൽ ഓഫീസ് അനുവദിക്കുന്നത്. 38 ചതുരശ്ര കിലോമീറ്റർ വിസ്തൃതിയുള്ള പൂജപ്പുര സെക്ഷന്റെ കീഴിൽ നിലവിൽ ഏകദേശം 31,000 ഉപഭോക്താക്കളാണ് ഉള്ളത്.<br>മേൽപറഞ്ഞ മാനദണ്ഡങ്ങൾക്കുള്ളിൽ ഉൾപ്പെടാത്തതിനാൽ പൂജപ്പുര ഇലക്ട്രിക്കൽ സെക്ഷൻ വിഭജിച്ച് പാപ്പനംകോട് പുതിയ ഇലക്ട്രിക്കൽ സെക്ഷൻ സ്ഥാപിക്കുന്ന വിഷയം പരിഗണിച്ചിട്ടില്ല. |

**സെക്ഷൻ ഓഫീസർ**